"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധി ശ്രീ ജോസഫ് മറ്റത്തിലാനിയുടെ ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് റീ-ഇമ്പേഴ്സ് ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ) നം.1469/2026/LSGD തീയതി,തിരുവനന്തപുരം, 07-08-2026

---

പരാമർശം:-
1. തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.06.2024 ലെ എസ് സി1/3101/2024 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.02.2026 ലെ LSGD/PD/26649/2024-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധി ശ്രീ ജോസഫ് മറ്റത്തിലാനി, ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ഔദ്യോഗിക കാര്യത്തിനായി പുറത്തേയ്ക്ക് ഇറങ്ങുമ്പോൾ റോഡിന്റെ വശത്തേക്ക് നിയന്ത്രണം തെറ്റി വന്ന ഇരുചക്ര വാഹനം ഇടിച്ച് സമീപത്തെ ഓടയിലേയ്ക്ക് തെറിച്ച് വീണുണ്ടായ ഗുരുതരമായ പരിക്കിനെ തുടർന്നു കണ്ണൂർ എ കെ ജി സഹകരണ ആശുപത്രിയിൽ ചികിത്സ തേടുകയുണ്ടായി.

2) ചികിത്സക്ക് ചെലവായ 1,19,663/- രൂപ (ഒരു ലക്ഷത്തി പത്തൊൻപതിനായിരത്തി അറുനൂറ്റി അറുപത്തിമൂന്നു രൂപ മാത്രം) റീ ഇമ്പേഴ്സ് ചെയ്ത് നൽകണമെന്നുള്ള ശ്രീ ജോസഫ് മറ്റത്തിലാനിയുടെ അപേക്ഷ 07.06.2024 തീയതിയിൽ നടന്ന തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സാധാരണ യോഗത്തിലെ തീരുമാനം നമ്പർ 28.1 ആയി അംഗീകരിക്കുകയും ടി തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്നതിന് പരാമർശം (1) പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധി ശ്രീ ജോസഫ് മറ്റത്തിലാനിക്ക് ചികിത്സക്ക് ചെലവായ തുകയായ

1,19,663/- രൂപ (ഒരു ലക്ഷത്തി പത്തൊൻപതിനായിരത്തി അറുനൂറ്റി അറുപത്തി മൂന്ന രൂപ മാത്രം) തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZY SUSAN JOHN
അണ്ടർ സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്,മാനന്തവാടി,വയനാട്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ (LSGD-EM2/102/2024-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Ajith Kumar K A
Date: 10-08-2026
09:35:08

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ ക്ക്